**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 690** **30-01-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പാണക്കാട് യു. പി. സ്കൂൾ പരിസരം, പുൽപ്പറ്റ പഞ്ചായത്തിലെ കല്ലച്ചാൽ, ശാന്തിപടി ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; പുരോഗതികൾ വിശദീകരിക്കാമോ; | (എ) | 2016 മുതൽ ഈ കാലയളവ് വരെ മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇപ്രൂവ്മെന്റിനായി 15 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി 37.38 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്തു. 73ട്രാൻസ്ഫോർമറുകൾ പുതിയതായി സ്ഥാപിച്ചു. അതിനായി 2 കോടി 26 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്തു. 143.5 കിലോമീറ്റർ LT SP-3P കൺവെർഷൻ ചെയ്യുന്നതിനായി 3 കോടി 20 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്തു.<br><br>പാണക്കാട് യു.പി. സ്കൂൾ പരിസരത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായുള്ള ഒരു പ്രവൃത്തി 2025-26 വർഷത്തെ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പുൽപ്പറ്റ പഞ്ചായത്തിലെ കല്ലച്ചാൻ, ശാന്തിപടി ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടിയുള്ള പ്രവൃത്തികൾ RDSS additional Scheme-ൽ ഉൾപ്പെടുത്തിയി ട്ടുണ്ട്. |
| (ബി) | മലപ്പുറം നഗരസഭയിലെ പൈത്തിനിപറമ്പ് കുറേക്കുഴി, ആനക്കയം പഞ്ചായത്തിലെ വടക്കെനാൾമുക്ക്, മൊറയൂർ പഞ്ചായത്തിലെ കള്ളാടിമുക്ക് - വട്ടപ്പൊലി റോഡ് എന്നിവിടങ്ങളിൽ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) | മലപ്പുറം നഗരസഭയിലെ പൈത്തിനിപറമ്പ് കുറേക്കുഴി ഭാഗത്ത് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തി മുനിസിപ്പാലിറ്റിയുടെ ഡിപ്പോസിറ്റ് വർക്കായി ട്ടാണ് ചെയ്തിട്ടുള്ളത്.<br><br>ആനക്കയം പഞ്ചായത്തിൽ വടക്കേനാൾമുക്ക് ഭാഗത്തെ 90 മീറ്ററോളം വരുന്ന 3 ഫേസ് 4 വയർ ലൈൻ മാറ്റുമ്പോൾ നിലവിലുള്ള വൈദ്യുതി വിതരണം നിലനിർത്തുന്നതിനായി റോഡിലൂടെയുള്ള 250 മീറ്റർ സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ലൈൻ ആക്കി മാറ്റുകയും ലൈനില്ലാത്ത ഭാഗത്ത് 130 മീറ്റർ 3 ഫേസ് ലൈൻ പുതുതായി നിർമ്മിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഇങ്ങനെ ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്യുന്നതിന് 1,93,808/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തുക |

| | | | |
|---|---|---|---|
| | | | അടവാക്കുന്ന മുറയ്ക്ക് പ്രവൃത്തി ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>മൊറയൂർ പഞ്ചായത്തിലെ കള്ളാടിമുക്ക് വട്ടപ്പൊലി റോഡിൽ 376 മീറ്റർ സിംഗിൾ ഫേസ് ലൈൻ മാറ്റുന്നതിന് വ്യക്തികളിൽ നിന്നും അപേക്ഷ ലഭിച്ചതിനാൽ 2,10,560/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. പണം അടവാക്കുന്ന മുറയ്ക്ക് ഡിപ്പോസിറ്റ് സ്കീമിൽ പ്രവൃത്തി നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ